ഉത്തരം

(എ) ലഭിച്ച തുക താഴെ ചേർക്കുന്നു:

വർഷം	തുക (രൂപയിൽ)
2001-02	86,93,847
2002-03	65,42,013
2003-04	73,19,547
2004 ഏപ്രിൽ മുതൽ ജൂലൈ വരെ	19,40,224

(ബി) ബേപ്പൂർ തുറമുഖത്ത് 500 കെ.വി.എ. ശേഷിയുള്ള ഒരു ജനറേറ്റർ സ്ഥാപിച്ചു. അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിൽ 68 ലക്ഷം രൂപയുടെ ഡ്രഡ്ജിംഗ് നടത്തുകയുണ്ടായി. കൂടാതെ മുൻ വർഷങ്ങളിലെന്നതുപോലെ ആവശ്യാനുസരണം ഡ്രഡ്ജിംഗ് നടത്തുക, നീണ്ടകര വർക്കുഷോപ്പിനോടനുബന്ധിച്ച് ഒരു സ്ളിപ്പ് വേ സ്ഥാപിക്കുക, ഇപ്പോൾ പണിതുകൊണ്ടിരിക്കുന്ന 600 എച്ച്. പി. ടഗ്ഗും 250,100 ടൺ ബാർജുകളുടെ പണി പൂർത്തീകരിക്കുക, ബേപ്പൂർ തുറമുഖത്ത് പുതിയ 5 ടൺ വാർഫ് ക്രെയിൻ, അഗ്നിശമനത്തിനുള്ള സിസ്റ്റം എന്നിവ സ്ഥാപിക്കുക എന്നീ പുതിയ പദ്ധതികളും ആവിഷ്ക്കരിക്കുന്നുണ്ട്.

(സി) കേന്ദ്ര സർക്കാരിൽ നിന്നും വികസനം സംബന്ധിച്ച പഠനം നടത്തുന്നതിന് 2002-03 വർഷത്തിൽ 4,73,750 രൂപയും, 2003-04 വർഷത്തിൽ 8,84,298 രൂപയും ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. ഇത് അഴീക്കൽ, ആലപ്പുഴ, വിഴിഞ്ഞം തുറമുഖങ്ങളുടെ വികസനം സംബന്ധിച്ച പഠനം നടത്തിയതിനുള്ള കേന്ദ്ര സഹായമാണ്.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

ഇൻവെസ്റ്റുമെന്റ് പ്രൊമോഷൻ ബോർഡ്

145 [3008] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻവെസ്റ്റുമെന്റ് പ്രൊമോഷൻ ബോർഡ് (ഐ.പി.ബി.) സ്ഥാപിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) ഈ ബോർഡിന്റെ പ്രവർത്തനഫലമായി വ്യവസായ രംഗത്ത് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ;

(സി) ബോർഡ് രൂപീകരിക്കപ്പെട്ടതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ആഗോള നിക്ഷേപക സംഗമത്തിൽ ധാരണാപത്രം ഒപ്പുവച്ച പദ്ധതികൾക്ക് അനുമതി നൽകുന്നതിനുള്ള ഒരു ദ്രുത സംവിധാനമായി പ്രവർത്തിക്കുക എന്നതാണ് ഇൻവെസ്റ്റുമെന്റ് പ്രൊമോഷൻ ബോർഡ് രൂപീകരിച്ചതിന്റെ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജിമ്മിൽ വന്ന 96 പദ്ധതികളിൽ 40 എണ്ണത്തിന് ക്ലിയറൻസ് നൽകാൻ പ്രസ്തുത ബോർഡ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അനുമതി നൽകപ്പെട്ട 40 പദ്ധതികളിൽ 129.75 കോടി രൂപ മൂലധന നിക്ഷേപം വരുന്ന 9 പദ്ധതികൾ പ്രവർത്തനമാരംഭിച്ചു. ബാക്കി 31 പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഇതിനുപുറമേ ഐ.പി.ബി.-യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള നിക്ഷേപകരുടെ പ്രശ്നങ്ങൾ പഠിച്ച് അവയ്ക്ക് ഉചിതമായ പരിഹാര നടപടികളും കൈക്കൊള്ളുന്നുണ്ട്.

(സി) ബോർഡ് രൂപീകരിച്ചതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ട്.

കാഷ്യൂ കോർപ്പറേഷന്റെ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കാൻ നടപടി

146 [3040] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഷ്യൂ കോർപ്പറേഷന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ എന്നത്തേയ്ക്ക് തുറന്നു പ്രവർത്തിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഫാക്ടറികൾ തുറക്കുവാനുള്ള നടപടികൾ എന്തെന്നു വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാഷ്യൂ കോർപ്പറേഷന് എന്ത് സാമ്പത്തിക ബാദ്ധ്യതയാണ് ഉണ്ടാക്കിയിരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) കശുവണ്ടി വികസന കോർപ്പറേഷൻ ബാങ്കുകൾക്ക് നൽകുവാനുള്ള ബാദ്ധ്യതയായി നിജപ്പെടുത്തിയ 107.57 കോടി രൂപ ദീർഘകാല വായ്പയായി അഞ്ചു ഗഡുക്കളായി നൽകുവാൻ ഉത്തരവായിട്ടുണ്ട്.

ബാങ്കുകളിൽ നിന്നും പുതിയ വായ്പകൾ ലഭ്യമാകുന്ന മുറയ്ക്ക് കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതാണ്.

(സി) ആകെ 18461.89 ലക്ഷം രൂപയുടെ നഷ്ടമാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കശുവണ്ടി വികസന കോർപ്പറേഷനുണ്ടായത്.

കോസ്ടെകിന്റെ പരിശീലന പരിപാടി

147 [3149] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ഇലക്ട്രോണിക്സ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് സംസ്ഥാനത്തെ സഹകരണസംഘം ജീവനക്കാർക്കും സഹകരണ വകുപ്പിലെ ജീവനക്കാർക്കും എന്തെങ്കിലും പരിശീലന പരിപാടി നടത്തിവരുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly